**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: Dr. Dinesan Cheruvat IAS)

സംഗ്രഹം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് –മുൻ ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ .LSGD/PD/66434/2023-DEH3 തീയതി:30-01-2025**

പരാമർശം:

1) 10/02/2021 തീയതിയിലെ ജി.ഒ (പി) നം. 27/2021/ഫിൻ നമ്പർ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ 27.11.2023 തീയതിയിലെ LSGD/PD/13917/2023-GEA1 നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 15/03/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
4) ഈ കാര്യാലയത്തിലെ 20/08/2024 തീയതിയിലെ LSGD/PD/25206/2024-DEH3 നമ്പർ ഉത്തരവ്.
5) തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 03/03/2024 തീയതിയിലെ തസ്വഭവ-ഇആർഎ2/6/2023/തസ്വഭവ നമ്പർ കത്ത്.
6) ഈ കാര്യാലയത്തിലെ 22/11/2023 തീയതിയിലെ LSGD/PD/23298/2023-DEA3 നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ (മുൻ ഗ്രാമവികസനം) വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ ആകെ എണ്ണത്തിന്റെ 1/3 പേർക്ക് 56500-118100 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ 31/12/2022 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ ശ്രീ. അഭിഷേക് ബി. കുറുപ്പ് (Sn No. 51) മുതൽ ശ്രീ. അബു ആർ. (Sn No..95) വരെയുള്ളവർക്ക് പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2022 പ്രകാരം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വനിതാക്ഷേമം) തസ്തികയും ജില്ലാ വനിതാക്ഷേമ ഓഫീസർ തസ്തികയും ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ എന്ന് പുനർ നാമകരണം ചെയ്യുകയും Senior Secretary, LSGI തസ്തികയ്ക്ക് സമാനമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ തസ്തികയിൽ 27/10/2022 തീയതിക്ക് ശേഷം നടത്തുന്ന നിയമനങ്ങൾ ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

പ്രകാരം ആയിരിക്കേണ്ടതാണെന്നും, നിലവിൽ Senior Secretary, LSGI തസ്തികയിൽ വനിതകൾ ഉണ്ടെങ്കിൽ ടി ജീവനക്കാർക്ക് ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയി ഇന്റർട്രാൻസ്ഫറബിൾ നിയമനം നൽകേണ്ടതും അപ്രകാരം Senior Secretary, LSGI തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് റേഷ്യോ പ്രൊമോഷൻ വഴി നികത്തേണ്ടതാണെന്നും എന്നാൽ Senior Secretary, LSGI തസ്തികയിൽ വനിതകൾ ഇല്ലായെങ്കിൽ കാറ്റഗറി 5(b) ആയ Secretary, LSGi, കാറ്റഗറി 5(C) എന്നിവയിൽ നിന്ന് കാറ്റഗറി 5(b) യിലെ ഒറിജിനൽ സീനിയോറിറ്റി പ്രകാരം വനിതകൾക്ക് നിയമനം നല്കാവുന്നതാണെന്നും പരാമർശം (5) സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്.

ആയതു പ്രകാരം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വനിതാക്ഷേമം) തസ്തികയിലെ 9 പേരെയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തിയിലെ 10 പേരെയും ചേർത്ത് ആകെ 19 പേരെ ഇന്റർട്രാൻസ്ഫറബിൾ നിയമന പ്രകാരം ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരാമർശം (6) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ഇങ്ങനെ ഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ചിട്ടുള്ള 10 വനിതാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ 9 പേർ മാത്രമേ ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ തസ്തിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. ഈ 9 ജീവനക്കാരിൽ 4 പേർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ലഭിച്ചിട്ടുള്ളവരാണ്. റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ലഭിച്ചവരിൽ നിന്നും പരാമർശം (6) ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയി ഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ചവരുടെ ഒഴിവിൽ ടി ഉത്തരവ് തീയതിയുടെ തൊട്ടടുത്ത തീയതി പ്രാബല്യത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ തുടർന്ന് വരുന്ന അർഹരായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹയർഗ്രേഡ് അനുവദിക്കേണ്ടതും റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ലഭിക്കാത്തവരും പരാമർശം (6) ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയി ഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ചുള്ളവരുമായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് പ്രസ്തുത തസ്തികയിലെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കേണ്ടതും ടി ഹയർഗ്രേഡ് പ്രാബല്യ തീയതിയുടെ തൊട്ടടുത്ത തീയതി പ്രാബല്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിലെ തുടർന്നു വരുന്ന അർഹരായ ജീവനക്കാർക്ക് റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കേണ്ടതുമാണ്.

മേൽ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ മാരായി ഇന്റർട്രാൻസ്ഫറബിൾ നിയമനം നല്കിയതു വഴിയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഹയർഗ്രേഡ് തസ്തികയിൽ നിന്നും വിരമിക്കൽ, സ്ഥാനക്കയറ്റം എന്നിവ മൂലവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഹയർഗ്രേഡിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കപ്പെട്ട് യോഗ്യത നേടിയിട്ടുള്ള ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 56500-118100 ശമ്പള സ്കെയിലിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ചുകൊണ്ടും പരാമർശം (3) ഉത്തരവ് പ്രകാരം 25/01/2024 തീയതി പ്രാബല്യത്തിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ലഭിച്ചിട്ടുള്ള ശ്രീമതി. ബീന എസ് (Sn No.94), ശ്രീ. അബു ആർ. (Sn No.95) എന്നിവരുടെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് പ്രാബല്യ തീയതി ചുവടെ ചേർക്കും പ്രകാരം പുന:ക്രമീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | സീനി യോറിറ്റി നം | പേര്, പെൻ, ഓഫീസ് | ഹയർഗ്രഡ് അനുവദിക്കുന്ന പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 60 | സജീഷ് കെ. എസ്. 708579 വൈത്തിരി ഗ്രാമപഞ്ചായത്ത് | 17/07/2022 | സുനിൽ കുമാർ കെ.എം. (Sn No.8) 16/07/2022 ന് അസി. ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 2 | 89 | ശ്രുതി ബി. 881485 ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, പാലക്കാട് | 23/11/2023 | ദിവ്യ കുഞ്ഞുണ്ണി (Sn No. 52) 22/11/2023 ന് ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയി ഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ച ഒഴിവിൽ |
| 3 | 90 | പ്രിയ പി 881089 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 23/11/2023 | സരിതഎ.കെ (Sn No.63) 22/11/2023 ന് ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയിഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ച ഒഴിവിൽ |
| 4 | 94 | ബീന എസ് 439241 ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോട്ടയം | 23/11/2023 | ശ്രീജാറാണി കെ.പി (Sr No.78) 22/11/2023 ന് ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ ആയി ഇന്റർട്രാൻസ്ഫറബിൾ നിയമനം ലഭിച്ച ഒഴിവിൽ |
| 5 | 95 | അബു ആർ 162139 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 24/11/2023 | ശ്രുതി.ബി ( Sr No.89) , ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർക്ക് 23/11/2023 ന് റേഷ്യോ ഹയർഗ്രേഡ് ലഭിച്ച ഒഴിവിൽ |
| 6 | 96 | ലക്ഷ്മിദാസ് 890836 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | 24/11/2023 | പ്രിയ.പി (Sn No.90) ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർക്ക് 23/11/2023 ന് റേഷ്യോ ഹയർഗ്രേഡ് ലഭിച്ച ഒഴിവിൽ |
| 7 | 98 | അഭിലാഷ് എം. ആർ 756754 അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | 25/11/2023 | ലക്ഷ്മിദാസ് ( SN No.96) ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർക്ക് 24/11/2023 ന് റേഷ്യോ ഹയർഗ്രേഡ് ലഭിച്ച ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 8 | 99 | റ്റി. സി. രാധാമണി<br>203912<br>കൊച്ചി മുനിസിപ്പൽ<br>കോർപ്പറേഷൻ | 25/01/2024 | അരുൺരാജ്.പി.എൻ<br>(Sn No.18)24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 9 | 100 | സക്കീർ ഹുസൈൻ എച്ച്.<br>203481<br>പട്ടണക്കാട് ബ്ലോക്ക്<br>പഞ്ചായത്ത് | 25/01/2024 | വരുൺ.ജി(Sn No.19)<br>24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 10 | 101 | ഹമീദ് കുട്ടി ആശാൻ സി.<br>എച്ച്.<br>204109<br>അമ്പലപ്പുഴ ബ്ലോക്ക്<br>പഞ്ചായത്ത് | 25/01/2024 | ശ്രീചിത്ത്.സി<br>(Sn No.21)<br>24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 11 | 102 | ശശികുമാർ കെ.<br>204278<br>( 31/03/2024 ന് വിരമിച്ചു)<br>കുഴൽമന്ദം ബ്ലോക്ക്<br>പഞ്ചായത്ത് | 25/01/2024 | മുഹമ്മദ് മുഹസിൻ.കെ.പി<br>(Sr No.22)<br>24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 12 | 103 | ആഷീഷ് ജി. എസ്<br>806947<br>പെരുങ്കടവിള ബ്ലോക്ക്<br>പഞ്ചായത്ത് | 25/01/2024 | രംജിത്ത്.ആർ.എസ്<br>(Sr No.24)<br>24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |
| 13 | 105 | രതി എം. ജി.<br>202546<br>കുവപ്പടി ബ്ലോക്ക്<br>പഞ്ചായത്ത് | 25/01/2024 | ജോയി റോഥ്സ്<br>(Sr No.25)<br>24/01/2024 ന്<br>അസി.ഡയറക്ടറായി<br>സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 14 | 106 | ജയനാരായണൻ കെ ( 31/01/2024 ന് വിരമിച്ചു) 204219 | 26/01/2024 | റ്റി. സി. രാധാമണി (SrNo.99) ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർക്ക് 25/01/2024 ന് റേഷ്യോഹയർഗ്രേഡ് ലഭിച്ച ഒഴിവിൽ |
| 15 | 107 | മിനി കെ. ആർ 404377 ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ | 01/02/2024 | ജയനാരായണൻ കെ (Sr No.106) 31/01/2024 ന് വിരമിച്ച ഒഴിവിൽ |
| 16 | 109 | ചന്ദ്രമോഹൻ ബി. എം 201791 ( 31/05/2024 ന് വിരമിച്ചു) പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 02/02/2024 | മിനി കെ. ആർ (Sr No.107) ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർക്ക് 01/02/2024 ന് റേഷ്യോ ഹയർഗ്രേഡ് ലഭിച്ച ഒഴിവിൽ |
| 17 | 110 | ജോസ് കുമാർ എസ്. ( 31/05/2024 ന് വിരമിച്ച ഒഴിവിൽ) 193760 താനൂർ ബ്ലോക്ക് പഞ്ചായത്ത് | 01/04/2024 | ശശികുമാർ കെ. (Sn No.102) 31/03/2024 ന് വിരമിച്ച ഒഴിവിൽ |
| 18 | 114 | പ്രതീക്ഷ പി വി 202622 പറവൂർ ബ്ലോക്ക് പഞ്ചായത്ത് | 01/06/2024 | വിഷ്ണു മോഹൻ ദേവ് (Sn No. 2) 31/05/2024 ന് വിരമിച്ച ഒഴിവിൽ |
| 19 | 115 | അജിത്ത് കെ 334561 വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 01/06/2024 | ചന്ദ്രൻ ടി (Sn No. 29) 31/05/2024 ന് വിരമിച്ച ഒഴിവിൽ |
| 20 | 116 | പ്രസീത കെ വി 203459 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 01/06/2024 | സക്കീർ ഹുസൈൻ ഇബ്രാഹിം (Sn No. 49) 31/05/2024 ന് വിരമിച്ച ഒഴിവിൽ |

മേൽ ലിസ്റ്റ് പ്രകാരം റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ അർഹത പരിശോധിച്ച് മാത്രം കെ.എസ്.ആർ ഭാഗം I ചട്ടം 28 (എ) പ്രകാരം ശമ്പളം

പുനർനിർണ്ണയിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആ വിവരം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. കെ. എസ്. ആർ. ഭാഗം I ചട്ടം 23 (ഡി) പ്രകാരം ഹയർഗ്രേഡ് ഉത്തരവ് തീയതി മുതൽ ഒരു വർഷം പിന്നിലേയ്ക്കുള്ള ശമ്പള കുടിശ്ശികയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.

റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ആനുകൂല്യം അനുവദിച്ച് നൽകുമ്പോൾ അർഹതപെട്ടതിലും ഉപരിയാണെന്ന് ഓഡിറ്റ് മുഖേനയോ അല്ലാതെയോ ഭാവിയിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് തിരിച്ച് പിടിക്കാൻ ഉതകുന്ന രീതിയിൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

Signed by
Dinesan Cheruvat
Date: 30-01-2025 18:45:30

**#ApprovedByName#**
**DIRECTOR (RURAL)**

പകർപ്പ് :
1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
2. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ ( എ&ഇ), കേരള, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി